K18U 1808

Reg. No.: ...............................

Name : ...................................

# III Semester B.A./B.Sc. Degree (CBCSS – Reg./Sup./Imp.) Examination, November 2018 (2016 Admn. Onwards) COMMON COURSE IN MALAYALAM

## 3A 09 MAL : മലയാള കവിത

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

1) 'കൊല്ലേണ്ടതെങ്ങനെ' എന്ന കവിതയ്ക്ക് നിരൂപണം തയ്യാറാക്കുക.

2) എൻ. വി. കൃഷ്ണവാര്യരുടെ കാവ്യരീതിയുടെ പ്രത്യേകതകൾ 'അമ്മയും മകനും തുഞ്ചനും' എന്ന കവിതയെ ആധാരമാക്കി നിരൂപണം ചെയ്യുക.

3) ചെറുശ്ശേരിയുടെ വർണ്ണനാപാടവത്തിന് നിദർശനമാണോ പാഠ്യഭാഗം ? വിലയിരുത്തുക.

4) 'ഭക്തിയും വിഭക്തിയും' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക. **(2×7=14)**

II. **150** വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക.

5) ''വിഭ്രമവിഷവിത്തുവിതക്കിലും ഹൃദിമേ
വിസ്മരിക്കില്ല ഞാൻ നിന്നെ സുരസുഷമേ'' – സാരസ്യം വ്യക്തമാക്കുക.

6) ''ഉരുചാപലഹേതുവെങ്കിലും
വരമീ ശൈശവകാലമൊന്നു താൻ''. ധ്വനിതലം വിവരിക്കുക.

7) ''അമ്മയ്ക്കുമാത്രമറിയുന്നൊരു ഭാഷ, കുഞ്ഞി –
ന്നൊന്നോ വയസ്സ് ? ശിവ! മുപ്പതുമേഴുമായി'' – വിവക്ഷിതം വ്യക്തമാക്കുക.

8) ''വേഷമെനിക്കെന്തെന്നു വിധിപ്പതു വിഭോ! ഭവച്ചിത്തം;
വിശ്വപ്രിയമായ് നടനം ചെയ്യു വിധേയനെൻ കൃത്യം' – ആശയം വിശദീകരിക്കുക.

9) 'പണ്ടു ഞാനീവണ്ണമുള്ളൊരു വസ്തുവെ –
ക്കണ്ടറിയുന്നീല കാന്ത! ധരിക്കെടോ'' – ആരുടെ വാക്കുകൾ ? വക്താവിന്റെ മനോഗതം എന്താണ് ?

10) ''പവനനുരു കൃപയൊടു പറഞ്ഞു കേൾപ്പിക്കയോ
പാപിയാമെന്നുടെ മാനസ ഭ്രാന്തിയോ ?'' ആരാണിങ്ങനെ വിചാരിക്കുന്നത് ? കാരണമെന്ത് ? **(4×3=12)**

P.T.O.

III. **100** വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക.

11) 'ചപലസ്ത്രീകളെപ്പോലെ കഥിക്കുന്നെന്തെടോ ബാലേ !
സഫലം നിന്നുടെ കാര്യം സപദി സംഭവിച്ചീടും' – ആരുടെ വാക്കുകൾ ?
സന്ദർഭം വിവരിക്കുക.

12) ''ആയിളം ചൊടിയിൽ നിന്നന്തണവരനു കേൾ –
ക്കായിതിങ്ങനെയൊരു മുരളീകളഗീതം'' – കേട്ടതെന്ത് ? സന്ദർഭമേത് ?
വിശദമാക്കുക.

13) ''പോവുന്നൊ നിൻ നൃത്തം നിർത്തി നീ ദേവി
പോവല്ലെ പോവല്ലെ പോവല്ലെ ദേവീ'' – ഭാവതലം വിശദമാക്കുക.

14) ''അതിദാരുണമാത്മശാന്തിയെ-
ക്കൊലചെയ്തേൻ പരിനിഗ്രഹം വഴി'' – വക്താവിന്റെ മനോഗതം എന്താണ് ?
വിശദീകരിക്കുക.

15) ''രാക്കരിക്കിൻ കണ്ണുകുത്തിത്തള്ളും വെള്ളം തെറിക്കവേ
ചിരിച്ചു കൊണ്ടൊന്നു കണ്ണു ചിമ്മിപ്പോയ് പുലർതാരക'' – കല്പനയുടെ
സാംഗത്യം വിശദീകരിക്കുക.

16) 'ദേവാസുരം' എന്ന കവിതയുടെ കേന്ദ്രാശയം എന്ത് ? വിശദീകരിക്കുക.

**(4×2=8)**

IV. **ഒറ്റ**വാക്കിലോ **വാക്യ**ത്തിലോ ഏതെങ്കിലും **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

17) ''നിലവിട്ടെഴുമൊറ്റമേഘമൊ –
ത്തലറുന്നങ്ങനെത്തന്നെ നിന്നിവൻ'' ഏത് കവിതയിലെ വരി ?

18) കൃഷ്ണഗാഥയിൽ ഉപയോഗിച്ചിട്ടുള്ള പ്രധാന വൃത്തം ഏത് ?

19) 'നിത്യകന്യകയെത്തേടി' ആരുടെ കൃതിയാണ് ?

20) 'വാഴക്കുല' ആരുടെ കൃതിയാണ് ?

21) 'മണിമഞ്ജുഷ' എന്ന കവിതാസമാഹാരത്തിന്റെ കർത്താവാര് ?

22) 'എലികൾ' എന്ന പ്രസിദ്ധകവിത എഴുതിയതാര് ?

23) '''പച്ച'യാണിതെന്നാലും, പട്ടേരി നോക്കിത്തന്നേ പന്തിയാവുള്ളൂ'' ഇവിടെ
പച്ച എന്നതിനർത്ഥം എന്ത് ?

24) 'ഒരു തീയക്കുട്ടിയുടെ വിചാരം' എന്ന കവിത എഴുതിയതാര് ? **(6×1=6)**

---